വലിയ ഐ.ടി കെട്ടിടത്തിന്റെ പണി നടന്നുവരുന്നു. കൂടാതെ താഴെപ്പറയുന്ന കമ്പനികൾക്ക് ഭൂമി 90 വർഷത്തേക്ക് പാട്ടത്തിന് നല്കിയിട്ടുണ്ട്.

HCL Info Systems — 2 ഏക്കർ

Speridian Technologies — 2 ഏക്കർ

Vinvish Technologies — 1 ഏക്കർ

Zafin Software Centre for Excellence — 50 സെന്റ്

Virtus IT Services — 50 സെന്റ്

Ariva Med data IT Services — 4.63 സെന്റ്

ടെക്നോപാർക്ക് മൂന്നാംഘട്ടത്തിൽ 110 കെ.വി. സബ് സ്റ്റേഷന്റെ പണി പൂർത്തിയാക്കി. ഇറിടത്തെ വൈദ്യുതി, ജല വിതരണം, ലാന്റ് ഡെവലപ്പ്മെന്റ്, കാമ്പസ് റോഡ്, അപ്രോച്ച് റോഡ് എന്നിവ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളുടെ പണി പുരോഗമിച്ചുവരുന്നു. ഈ പദ്ധതി പൂർത്തിയാകുമ്പോൾ ഏകദേശം 350,00 പേർക്ക് തൊഴിൽ ലഭിക്കും എന്നാണ് പ്രതീക്ഷിക്കുന്നത്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### മന്ത്രിമാരുടെ വിമാന-വിദേശ യാത്രാചെലവുകൾ

1 (1) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് നിലവിൽ വന്നതിനുശേഷം ഇതുവരെ മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും വിമാനയാത്രാ ഇനത്തിൽ എത്ര രൂപ വീതം ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ കാലയളവിൽ ഏതെല്ലാം മന്ത്രിമാർ ഏതെല്ലാം വിദേശ രാജ്യങ്ങളിൽ എന്തെല്ലാം ആവശ്യത്തിനാണ് പോയതെന്നും ഈ വകയിൽ ഓരോരുത്തരും എന്തു തുക വീതം ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) വിവരം ശേഖരിച്ചുവരുന്നു.

### മുഖ്യമന്ത്രി, മറ്റു മന്ത്രിമാർ എന്നിവരുടെ ടെലിഫോൺ ചെലവ്

2 (4) ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രി, മറ്റുമന്ത്രിമാർ എന്നിവർ ടെലിഫോൺ, മൊബൈൽ ഫോൺ കാൾചാർജ്ജ്, ഫോൺ വാടക എന്നീ ഇനങ്ങളിൽ ഇതുവരെ എത്ര രൂപ വീതം ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രി, മറ്റു മന്ത്രിമാർ എന്നിവർ മൊബൈൽ ഫോൺ കാൾചാർജ്ജ്, ഫോൺ വാടക എന്നീ ഇനങ്ങളിൽ ചെലവഴിച്ച തുകയുടെ വേർതിരിച്ച കണക്ക് ലഭ്യമല്ല. ടെലിഫോൺ, മൊബൈൽ ഫോൺ എന്നീ ഇനങ്ങളിൽ കാൾചാർജ്ജ്, ഫോൺവാടക ഉൾപ്പെടെ ഇതുവരെ ചെലവഴിച്ച തുകയുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

**മുഖ്യമന്ത്രി, മറ്റുമന്ത്രിമാർ എന്നിവരുടെ ഫോൺ, അതിഥി സൽക്കാരം എന്നീ ഇനങ്ങളിലുള്ള ചെലവുകൾ**

3 (5) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രി, മറ്റു മന്ത്രിമാർ എന്നിവരുടെ ടെലിഫോൺ, മൊബൈൽ ഫോൺ എന്നീ ഇനങ്ങളിൽ നാളിതുവരെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് ; വ്യക്തമാക്കുമോ ;

(ബി) മുഖ്യമന്ത്രി, മറ്റു മന്ത്രിമാർ എന്നിവർ ഇതുവരെ അതിഥി സൽക്കാരത്തിനു എത്ര തുക വീതം ചെലവാക്കിയിട്ടുണ്ട് ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രി, മറ്റു മന്ത്രിമാർ എന്നിവരുടെ ടെലിഫോൺ, മൊബൈൽ ഫോൺ എന്നീ ഇനങ്ങളിൽ ചെലവാക്കിയ തുകയുടെ വിവരം അനുബന്ധം ആയി ചേർക്കുന്നു.*

(ബി) മുഖ്യമന്ത്രി, മറ്റു മന്ത്രിമാർ എന്നിവർ ഇതുവരെ അതിഥി സൽക്കാരത്തിന് ചെലവാക്കിയ തുകയുടെ വിവരം അനുബന്ധം ആയി ചേർക്കുന്നു.*

**മന്ത്രിമാരുടെ ടെലിഫോൺ കാൾചാർജ്ജ്, ഫോൺ വാടക**

4 (7) ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ മന്ത്രിസഭ അധികാരത്തിൽ വന്നശേഷം ഇതുവരെ ഓരോ മന്ത്രിമാരുടെയും ഓഫീസിലും ഔദ്യോഗിക വസതിയിലും നിയോജക മണ്ഡലത്തിലുള്ള റീട്ടിലും സ്ഥാപിച്ചിട്ടുള്ള ഫോണുകൾക്കു വേണ്ടി കോൾ ചാർജ്ജ് ഇനത്തിലും ഫോൺ വാടകയിനത്തിലും എത്ര തുക വീതം ചെലവായിട്ടുണ്ട് ;

(ബി) ഈ കാലയളവിൽ മന്ത്രിമാർക്ക് നൽകിയിട്ടുള്ള മൊബൈൽ ഫോണിനുവേണ്ടി കാൾചാർജ്ജിനത്തിൽ എത്ര രൂപ ചെലവായിട്ടുണ്ട് ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly